# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 29, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

## <u>പാലിന്റെ പ്രതിദിന ആവശ്യം</u>

*421 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ പാലിന്റെ അളവ് എത്ര; ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയാണ്;

(ബി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് തുടർന്നുവരുന്നതെന്ന് പറയുമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഏതെങ്കിലും പദ്ധതികളാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരിക്കുമോ;

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

(ഡി) കൂലി, തീറ്റ, ചികിത്സ തുടങ്ങിയ ചെലവുകൾ താങ്ങാനാകാത്തതിനാൽ കാലി വളർത്തൽ ഉപേക്ഷിക്കുവാൻ കർഷകർ തയ്യാറാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കർഷകരെ ഇതിൽ ഉറപ്പിച്ചുനിറുത്തുന്നതിന് എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>പ്രവര്‍ത്തനരഹിതമായ മാലിന്യസംസ്കരണ പ്ലാന്റ്</u>

*422 ശ്രീ. പി. കെ. ഗുരുദാസന്‍
'' വി. ശിവന്‍കുട്ടി
'' എ. പ്രദിപ്കുമാര്‍
'' ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ കോര്‍പ്പറേഷനുകള്‍ക്ക് കീഴിലുള്ള ഏതെങ്കിലും മാലിന്യസംസ്കരണ പ്ലാന്റുകള്‍ അടച്ചുപൂട്ടുകയോ പ്രവര്‍ത്തനരഹിതമാകുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം കാരണത്താലാണ് ഇവ അടച്ചുപൂട്ടുകയോ പ്രവര്‍ത്തനരഹിതമായിത്തീരുകയോ ചെയ്തത് എന്ന് അറിയിക്കുമോ ;

(സി) മാലിന്യസംസ്കരണപ്ലാന്റുകള്‍ പ്രവര്‍ത്തിക്കാത്തതു മൂലം പ്രസ്തുത കോര്‍പ്പറേഷന്‍ പരിധിയിലെ ജനങ്ങള്‍ അനുഭവിക്കുന്ന ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) മാലിന്യ സംസ്ക്കരണ പ്ലാന്റുകള്‍ തുറന്ന് പ്രവര്‍ത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികള്‍ സര്‍ക്കാര്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2012 –13ലെ പദ്ധതി രൂപീകരണം</u>

*423 ശ്രീ. കെ. കെ. നാരായണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. വി. വിജയദാസ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2012 –13ലെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എന്നാണ് പദ്ധതിക്ക് അംഗീകാരം നൽകിയത്;

(ബി) പ്രസ്തുത രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിനായി എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത്; ഇതിൽ ആദ്യഗഡുവായി എന്തു തുക പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈമാറി എന്നറിയിക്കാമോ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>കാര്‍ഷിക നിരീക്ഷണ സമിതികള്‍</u>

*424 ശ്രീ. കെ. രാധാകൃഷ്ണന്‍
,, ഇ. പി. ജയരാജന്‍
,, എ. കെ. ബാലന്‍
,, കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കര്‍ഷകര്‍ക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി മേഖലാടിസ്ഥാനത്തില്‍ കാര്‍ഷിക നിരീക്ഷണ സമിതികള്‍ രൂപീകരിക്കുമെന്ന 2011-12 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ ; ഇല്ലെങ്കില്‍ അതിനുള്ള കാരണങ്ങള്‍ വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം മേഖലകള്‍ കേന്ദ്രീകരിച്ചാണ് സമിതികള്‍ രൂപീകരിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സമിതികളുടെ ഘടനയെ സംബന്ധിച്ചുള്ള വിശദാംശങ്ങള്‍ നല്‍കാമോ ; ഈ സമിതിയുടെ നാളിതുവരെയുള്ള പ്രവര്‍ത്തനങ്ങള്‍ സര്‍ക്കാര്‍ വിലയിരുത്തിയി ട്ടുണ്ടോ ; വിശദാംശങ്ങള്‍ നല്‍കാമോ ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>കോര്‍പ്പറേഷനുകളിലെ ഡ്രെയിനേജ് സംവിധാനം</u>

*425 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കോര്‍പ്പറേഷനുകളില്‍ നിലവിലുള്ള ഡ്രെയിനേജ് സംവിധാനം കാര്യക്ഷമതയില്ലാത്തതും അപര്യാപ്തവുമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഡ്രെയിനേജ് സൗകര്യം നിലവിലുള്ള മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ മുനിസിപ്പല്‍, കോര്‍പ്പറേഷന്‍ പ്രദേശങ്ങളിലും ആധുനിക റീസൈക്ലിംഗ് സംവിധാനത്തോടു കൂടിയ ഡ്രെയിനേജ് സംവിധാനം ഏര്‍പ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ടോ;

(ഡി) എങ്കില്‍ അതിനുള്ള ഒരു മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കാർഷിക പ്രതിസന്ധി</u>

*426 ശ്രീ. വി. ചെന്താമരാക്ഷൻ
,, എം.എ. ബേബി
,, എ.എം. ആരിഫ്
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക പ്രതിസന്ധിക്ക് കാരണമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉദാരവല്ക്കരണ നയങ്ങളിൽ നിന്നും സ്വതന്ത്ര വ്യാപാര കരാറുകളിൽ നിന്നും പിന്മാറാനും സബ്സിഡികൾ ശക്തിപ്പെടുത്താനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) കാർഷിക പ്രതിസന്ധിയിൽ ഇവയ്ക്കുള്ള പങ്ക് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>ഗള്‍ഫ് മലയാളികള്‍ക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികള്‍</u>

*427 ശ്രീ. കെ.വി. അബ്ദുള്‍ ഖാദര്‍
,, ജെയിംസ് മാത്യൂ
ഡോ. കെ.ടി. ജലീല്‍
ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗള്‍ഫ് മലയാളികള്‍ക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികളുടെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഗള്‍ഫ് മലയാളികളുടെ ക്ഷേമത്തിനായി പ്രഖ്യാപിച്ചിരുന്ന പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) കേന്ദ്ര സര്‍ക്കാര്‍ ഇവര്‍ക്കായി പ്രഖ്യാപിച്ചിരുന്ന പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ രാജ്യങ്ങളില്‍ ജോലി ചെയ്യുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച ഒടുവിലത്തെ കണക്കുകള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>കാർഷിക കടാശ്വാസ നിയമം ഭേദഗതി</u>

*428 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഭേദഗതി നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഏതു സാഹചര്യത്തിലാണ് ഭേദഗതി നിർദ്ദേശങ്ങൾക്ക് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കർഷക ആത്മഹത്യകൾ ആവർത്തിക്കാനിടയായ സാഹചര്യം എന്തായിരുന്നു; ഇത് പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ഭേദഗതിയിലുണ്ടോ; വിശദമാക്കാമോ;

(ഡി) കർഷക ആത്മഹത്യ തടയേണ്ടത് സംബന്ധിച്ച കേസിൽ സർക്കാർ നൽകിയ സത്യവാങ്മൂലം എന്തായിരുന്നു; പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിലെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍</u>

*429 ശ്രീ. സി. കെ. സദാശിവന്‍
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരന്‍
,, ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുട്ടനാട് പാക്കേജിന്റെ പ്രവര്‍ത്തനങ്ങള്‍ സര്‍ക്കാരിന്റെ വിവിധ വകുപ്പുകള്‍ തമ്മിലുളള ഏകോപനമില്ലായ്മമൂലം പ്രതിസന്ധി യിലായിട്ടുണ്ടോ ;

(ബി) കുട്ടനാടിന്റെ കാര്‍ഷിക മേഖലയ്ക്ക് അനുയോജ്യമായ രീതിയിലാണോ പാക്കേജിന്‍കീഴില്‍ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ നടക്കുന്നത് എന്ന് പരിശോധിക്കാന്‍ കൃഷി വകുപ്പിന് സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കില്‍ അത് ഏര്‍പ്പെടുത്താന്‍ തയ്യാറാകുമോ ;

(സി) പദ്ധതി പ്രവര്‍ത്തനങ്ങള്‍ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുമോ ?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>നോർക്കയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി</u>

*430 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) 'ഒഡേപെക്' വഴി ഗൾഫ് രാജ്യങ്ങളിലേക്ക് കൂടുതൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>ജൈവ കൃഷി വ്യാപനത്തിന് പദ്ധതി</u>

*431 ശ്രീ. അന്‍വര്‍ സാദത്ത്
,, ഷാഫി പറമ്പില്‍
,, റ്റി. എന്‍. പ്രതാപന്‍
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജൈവ കൃഷി വ്യാപനത്തിന് എന്തെല്ലാം കര്‍മ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഏതെല്ലാം ഏജന്‍സികളുമായി ചേര്‍ന്നാണ് പദ്ധതികള്‍ തയ്യാറാക്കിയിട്ടുള്ളത് ;

(സി) ജൈവകൃഷിയുമായി മുന്നോട്ടു പോകുന്ന സ്വകാര്യ സംഘടനകളെ ഈ പദ്ധതിയില്‍ പങ്കാളികളാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ</u>

*432 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, പാലോട് രവി
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) കർഷകർക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഈ കേന്ദ്രങ്ങൾ നടത്തിവരുന്നത്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്;

(ഡി) കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനാഗ്രഹിക്കുന്നത്?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>പ്രാദേശിക വികസന അതോറിറ്റി</u>

*433 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എ. കെ. ബാലൻ
,, പി. റ്റി. എ. റഹീം
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച വിവിധ പ്രാദേശിക വികസന അതോറിറ്റികൾ ഏതെല്ലാം പഞ്ചായത്തുകളെ അതിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയെന്നറിയിക്കുമോ ;

(ബി) ഓരോ വികസന അതോറിറ്റിയുടെയും ഇനം തിരിച്ച് പ്രവർത്തന പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രാദേശിക വികസന അതോറിറ്റിയുടെ പ്രവർത്തനം അവയുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രാദേശിക വികസന അതോറിറ്റികളുടെ പ്രവർത്തനം പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ ഉദ്യോഗസ്ഥ സംവിധാനത്തിൽ അധികജോലി ഭാരം ഏല്പിക്കുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ഇ) സംസ്ഥാനത്ത് വിവിധ പ്രാദേശിക വികസന അതോറിറ്റികളുടെ രൂപീകരണം തദ്ദേശ സ്ഥാപനങ്ങളുടെ അധികാരത്തെ എപ്രകാരം ബാധിക്കുന്നു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>കൃഷിഭവനുകളിൽ കമ്പ്യൂട്ടർവൽക്കരണവും ഇന്റർനെറ്റ് സംവിധാനവും</u>

*434 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകൾ കംപ്യൂട്ടർവൽക്കരിക്കുന്നതിനും ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുവോ ;

(ബി) ഈ സംവിധാനം ഏർപ്പെടുത്തുക വഴി കൃഷിക്കാർക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാകുക; വിശദാംശങ്ങൾ നൽകുമോ ;

(സി) കൃഷി ഭവനുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ നിലവിൽ ഏതു ഘട്ടം വരെയായെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക്കിന്റെ പുനരുപയോഗ പുന:ചംക്രമണ സാദ്ധ്യതകൾ</u>

*435 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ പ്ലാസ്റ്റിക്ക് ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്, വിശദമാക്കുമോ ;

(ബി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കിന്റെ പുനരുപയോഗ പുനഃചംക്രമണ സാദ്ധ്യതകൾ വിലയിരുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനെക്കുറിച്ച് പഠിക്കുവാൻ ഏതെങ്കിലും കമ്മിറ്റിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) ഇതിന്മേൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

പുരാവസ്തു മ്യൂസിയങ്ങളുടെ ആധുനികവൽക്കരണം

*436 ശ്രീ. വി. പി. സജീന്ദ്രൻ
,, പാലോട് രവി
,, അൻവർ സാദത്ത്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിൻ കീഴിലെ മ്യൂസിയങ്ങൾ അന്തർദ്ദേശീയ തലത്തിൽ ആധുനികവൽക്കരിക്കുന്ന കാര്യം ആലോചനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകി കേന്ദ്രത്തിന് സമർപ്പിക്കുമോ;

(സി) ഏതെല്ലാം മ്യൂസിയങ്ങളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പുരാവസ്തുക്കൾ സംരക്ഷിച്ച് പ്രദർശിപ്പിക്കാൻ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുമോ?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>കാർഷികരംഗത്ത് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ</u>

*437 ശ്രീ. എം. എ. ബേബി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. എം. ആരിഫ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ സംസ്ഥാനത്തെ കർഷകരെ ഏതെല്ലാം നിലകളിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം കൃഷികളിൽ ഏർപ്പെട്ട കർഷകർക്ക് എന്തെല്ലാം നിലയിലുള്ള പ്രയാസങ്ങളാണ് ഇപ്പോൾ നേരിടേണ്ടി വരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന നിലപാടുകളിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>വയോജന നയത്തിൽ മാറ്റം</u>

*438 ശ്രീ. എസ്. രാജേന്ദ്രൻ
,, ഇ. പി. ജയരാജൻ
,, പുരുഷൻ കടലുണ്ടി
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വയോജന നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ജനസംഖ്യയിൽ 60 വയസ്സിന് മുകളിൽ പ്രായമുളളവർ എത്ര ശതമാനമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വയോജനങ്ങളുടെ ആരോഗ്യ സുരക്ഷാരംഗം നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ് ; അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാന ശുചിത്വ മിഷൻ</u>

*439 ശ്രീ. സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശുചിത്വമിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ശുചിത്വമിഷൻ പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ നിന്നും പ്രതീക്ഷിക്കുന്ന നേട്ടങ്ങളെക്കുറിച്ചുള്ള വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>കാർഷിക മേഖലയിൽ മൊബൈൽ ഗവേർണൻസ്</u>

*440 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, പാലോട് രവി
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ വിജ്ഞാന സമ്പാദനത്തിനും വിജ്ഞാന വ്യാപനത്തിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) ഇതിനായി മൊബൈൽ ഗവേർണൻസ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>ഗ്രാമസഭയിലെ ജനപങ്കാളിത്തം</u>

*441 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. എൻ. എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമസഭകളിലെ ജനപങ്കാളിത്തക്കുറവിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ;

(സി) ഗ്രാമസഭകളുടെ പ്രാധാന്യവും, ഉത്തരവാദിത്തവും സംബന്ധിച്ച് അംഗങ്ങളെ ബോധവൽക്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഗ്രാമസഭകളുടെ പ്രവർത്തനം വിജയകരമാക്കാൻ പഞ്ചായത്ത് അംഗങ്ങൾക്ക് ഇപ്പോൾ നല്കിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ സ്ത്രീ സമൂഹത്തിന്റെ സഹകരണം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

പാൽ വില വർദ്ധന

*442 ശ്രീ. എ. പ്രദീപ് കുമാർ
,, എ. കെ. ബാലൻ
ശ്രീമതി കെ.കെ.ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ ( ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മിൽമ പാലിന് എത്ര രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്; റിച്ച് പ്ലസ് പാലിന്റെ വില വീണ്ടും ഒരു രൂപ കൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വീതമാണ് കൂട്ടാൻ ഉദ്ദേശിക്കുന്നത്;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ പാൽ സംഭരിക്കുന്നുണ്ടോ. വിശദാംശം നൽകുമോ ;

(സി) ക്ഷീരകർഷകർക്ക് പാൽ വില വർദ്ധനയുടെ പ്രയോജനം ലഭ്യമാകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്ക്കരണം

*443 ശ്രീ. പി.കെ. ബഷീർ
,, എൻ.എ. നെല്ലിക്കുന്ന്
,, റ്റി.എ. അഹമ്മദ് കബീർ
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് മാലിന്യങ്ങൾ സംസ്ഥാനത്തിന് ഭീഷണിയാകുന്നസ്ഥിതിവിശേഷം ഒഴിവാക്കാനാവശ്യമായ മുൻകരുതൽ നടപടി കളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദ മാക്കുമോ;

(സി) ഉപയോഗശൂന്യമായ ഇലക്ട്രോണിക്, ഇലക്ട്രിക് ഉപകരണ ങ്ങൾ മുഖേനയുള്ള മാലിന്യങ്ങൾ സംസ്ക്കരിച്ച് പുനരുപയോഗ പ്രദമാക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളും അതിനായുള്ള വ്യവസായശാലകളും ആരംഭിക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.06.2012-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ മേഖലയിലെ തട്ടിപ്പുകളും ചൂഷണങ്ങളും</u>

*444 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാതാക്കളുടെയും, നിർമ്മാണക്കമ്പനികളുടെയും പ്രവർത്തനം നിരീക്ഷിക്കാനും, വിലയിരുത്താനുമുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) കെട്ടിടനിർമ്മാണ മേഖലയിലെ തട്ടിപ്പുകളും ചൂഷണങ്ങളും അതുമുഖേനയുണ്ടാകുന്ന പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട നിയമങ്ങൾ മാറിയ പരിതസ്ഥിതികൾക്ക് അനുസരിച്ച് പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>കൃഷി അധിഷ്ഠിത പാഴ് വസ്തുക്കളിൽ നിന്ന് ജൈവഊർജ്ജവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ പദ്ധതി</u>

*445 ശ്രീ. പാലോട് രവി
,, കെ. മുരളീധരൻ
,, പി. എ. മാധവൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി അധിഷ്ഠിത പാഴ് വസ്തുക്കളിൽ നിന്ന് ജൈവഊർജ്ജവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും നിർമ്മിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് കാർഷിക സർവ്വകലാശാല ഏതെല്ലാം ഏജൻസികളുമായാണ് സഹകരിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>നഗരസഭകളിൽ ജനന സർട്ടിഫിക്കറ്റിൽ പേരു ചേർക്കുന്നതിനുള്ള സംവിധാനം</u>

*446

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ ജനന സർട്ടിഫിക്കറ്റിൽ പേരു ചേർക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർട്ടിഫിക്കറ്റിൽ പേരു ചേർക്കുന്നതിന് നഗരസഭകളിൽ വരുന്ന കാലതാമസം ഒഴിവാക്കി അപേക്ഷിക്കുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റിൽ പേരു ചേർത്ത് നൽകാനാകുമോ;

(സി) സർട്ടിഫിക്കറ്റുകളിൽ പേരുകൾ തെറ്റായി ചേർത്തത് തിരുത്തുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ;

(ഡി) ഇത്തരം സർട്ടിഫിക്കറ്റുകളുടെ വിതരണത്തിന് ആവശ്യമായ സൗകര്യങ്ങളില്ല എന്ന പരാതി നിലവിലുണ്ടോ ?

# കേരള നിയമസഭ

## 29.06.2012-ലെ മറുപടിക്ക്

കേന്ദ്ര ആസൂത്രണ മോണിറ്ററിംഗ് യൂണിറ്റ്

*447 ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി ശ്രേയാംസ് കുമാർ
ഡോ: എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയു ംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര ആസൂത്രണ മോണിറ്ററിംഗ് യൂണിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;;

(സി) പ്രസ്തുത യൂണിറ്റിന്റെ നേതൃത്വത്തിൽ എല്ലാ ഭരണ വകുപ്പുകളിലും പെർഫോർമെൻസ് ആന്റ് മോണിറ്ററിംഗ് ഇവാലുവേഷൻ സിസ്റ്റം നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

<u>നാണ്യവിള കൃഷി</u>

*448 ശ്രീ. ജി. സുധാകരൻ
,, എളമരം കരീം
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാണ്യവിളകൃഷിയിടങ്ങൾ നാൾക്കുനാൾ കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തരിശുഭൂമിയിലും സ്വകാര്യ-സഹകരണ സ്ഥാപനങ്ങളുടെ കൃഷിയോഗ്യമായ സ്ഥലങ്ങളിലും നാണ്യവിള കൃഷി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നാണ്യവിളയേയും നാണ്യവിളകർഷകനേയും പ്രോത്സാഹിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

കാര്‍ഷികോല്പന്നങ്ങളുടെ സംഭരണം

*449 ശ്രീ. റ്റി. വി. രാജേഷ്
ശ്രീമതി കെ. കെ. ലതിക
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിന്നും എന്തെല്ലാം കാര്‍ഷിക ഉല്പന്നങ്ങള്‍ താങ്ങുവിലയ്ക്ക് സംഭരിക്കുന്നതിന് ഏതെല്ലാം ഏജന്‍സികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും സംഭരണ നടപടികളുടെ പുരോഗതിയും വിശദമാക്കാമോ; സംഭരണലക്ഷ്യവും നേട്ടവും വിശദമാക്കാമോ;

(ബി) സംഭരണം പരാജയപ്പെടാനുളള കാരണങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ;

സി) സംഭരണ സംവിധാനത്തിലെ പാളിച്ചകള്‍ പരിഹരിക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 29.06.2012-ലെ മറുപടിക്ക്

ഡോ:സുകുമാർ അഴീക്കോടിന് സ്മാരകം

*450 ശ്രീ. പുരുഷൻ കടലുണ്ടി
,, ബാബു എം. പാലിശ്ശേരി
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സാംസ്കാരിക നായകനായിരുന്ന അന്തരിച്ച ഡോ:സുകുമാർ അഴീക്കോടിന്റെ സ്മരണയ്ക്ക് സമുചിതമായ സ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സ്മാരകം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ വിശദമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി – ഇൻ – ചാർജ്
2012 ജൂൺ 20.